JAGRATHA 117

Vol-3 No: 42
17 -12-2009

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## I. കേരള കത്തോലിക്ക മെത്രാൻ സമിതി 2009 ഡിസംബർ മാസം 10,11,12 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ

**1. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം:** പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് സഭാംഗങ്ങളെ കൂടുതൽ ബോധവത്കരിക്കാൻ കെ.സി.ബി.സി. തീരുമാനിച്ചു. പരിസ്ഥിതി പ്രവർത്തനങ്ങളുടെ ചുമതല മൂവാറ്റുപുഴ മലങ്കര കത്തോലിക്ക രൂപതാധ്യക്ഷൻ ഡോ. അബ്രഹാം മാർ യൂലിയോസിനെ ഏൽപ്പിച്ചു. പരിസ്ഥിതി മലിനീകരണം, പ്രകൃതി വിഭവങ്ങളുടെ അമിതചൂഷണം, അക്ഷയോർജ്ജസ്രോതസ്സുകളുടെ വ്യാപനം, കാലാവസ്ഥ വ്യതിയാനം, ഭക്ഷ്യസുരക്ഷ, ജൈവവൈവിധ്യം എന്നിവയെക്കുറിച്ച് ബോധവത്കരണ പരിശീലനപരിപാടികൾ, ദൈവാലയങ്ങൾ, സ്കൂളുകൾ കത്തോലിക്കാസഭയുടെ സ്ഥാപനങ്ങൾ എന്നിവയിൽ സംഘടിപ്പിക്കും. പരിസ്ഥിതി സൗഹൃദസംസ്കാരം കേരളത്തിൽ വളർത്തിയെടുക്കാൻ സഭ പരിശ്രമിക്കും. പരിസ്ഥിതി സംരക്ഷണം ദൈവവിശ്വാസത്തിന്റെ ഭാഗമായി മാറ്റുന്നതിനെക്കുറിച്ച് ആഴമുള്ള പഠനങ്ങൾ നടത്തും. കേരളത്തിൽ പരിസ്ഥിതിയെ പരിപോഷിപ്പിച്ചുകൊണ്ട് സമഗ്ര പുരോഗതി നേടാനുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് കേരളസമൂഹത്തെ ബോധവത്കരിക്കും. മഴവെള്ളസംഭരണം, മാലിന്യനിർമ്മാർജ്ജനസ്രോതസ്സുകളുടെ വ്യാപനം എന്നിവയിൽ സഭ മുൻകൈയെടുക്കും. ഇതര സമുദായങ്ങളെ കൂടി സഹകരിപ്പിച്ച് പരിസ്ഥിതി സൗഹൃദസംസ്കാരം കേരളത്തിൽ വളർത്തിയെടുക്കാൻ കെ.സി.ബി.സി. ശ്രമിക്കുന്നതാണ്.

**2. നാടാർ സമുദായത്തിലെ എല്ലാവർക്കും സംവരണം നൽകണം:** നാടാർ സമുദായത്തിലെ എല്ലാ വിഭാഗക്കാർക്കും സംവരണ ആനുകൂല്യം നൽകിക്കൊണ്ട് തുല്യ സാമൂഹിക നീതി നടപ്പാക്കാൻ സർക്കാർ തയ്യാറാകണമെന്ന് കെ.സി.ബി.സി. ആവശ്യപ്പെട്ടു. നാടാർ സമുദായത്തിലെ കുറച്ചു പേർക്കു മാത്രം സംവരണ ആനുകൂല്യം നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം സ്വാഭാവിക നീതിയുടെ ലംഘനമാണ്. സാമ്പത്തികവും സാമുദായികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന നാടാർ സമുദായാംഗങ്ങൾ ക്രൈസ്തവമതത്തിൽപ്പെട്ടതുകൊണ്ട് മാത്രം സംവരണ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് അനീതിയാണ്. പാർശ്വവത്കരിക്കപ്പെട്ട നാടാർ സമുദായത്തിലെ എല്ലാ മതവിഭാഗങ്ങൾക്കും ഒരുപോലെ സംവരണം നൽകാൻ കേരള സർക്കാരിനോട് ആവശ്യപ്പെടാൻ കെ.സി.ബി.സി. തീരുമാനിച്ചു.

**3. പുതിയ നികുതി ബില്ലിനെക്കുറിച്ചുള്ള ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കും:** കേന്ദ്രസർക്കാർ പുതുതായി തയ്യാറാക്കിയിരിക്കുന്ന നികുതി നിയമത്തിൽ (Direct Tax Code - 2009)നിലനിൽക്കുന്ന അവ്യക്തത നീക്കം ചെയ്യുന്നതിന് മാർത്തോമാ, യാക്കോബായാ ഓർത്തഡോക്സ്, സി.എസ്സ്.ഐ. എന്നീ സഭകളും കെ.സി.ബി.സി.യും സംയുക്തമായി കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിക്കാൻ തീരുമാനിച്ചു. നികുതി ബില്ലിലെ പ്രശ്നങ്ങൾ ഇതര സമുദായങ്ങളെയും ബാധിക്കുന്നതുകൊണ്ട് കേരളത്തിലെ ഹൈന്ദവമുസ്ലീം സമുദായങ്ങളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് പ്രശ്നത്തെ ഒറ്റക്കെട്ടായി നേരിടാനും കെ.സി.ബി.സി. തീരുമാനിച്ചു.

**4. പുതിയ കേന്ദ്ര വിദ്യാഭ്യാസ ബില്ലിലെ വകുപ്പുകൾ ഭേദഗതി ചെയ്യണം:** വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പുതിയ കേന്ദ്രബില്ലിലെ ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന വകുപ്പുകൾ മാറ്റണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാനും കെ.സി.ബി.സി. യോഗം തീരുമാനിച്ചു.

**5. വിവാഹ നടത്തിപ്പിന് മാർഗനിർദ്ദേശങ്ങൾ:** കത്തോലിക്കാസഭയിലെ വിവാഹതിരുക്കർമ്മങ്ങൾ പരികർമ്മം ചെയ്യുന്നതിലെ അനാവശ്യ ആഘോഷങ്ങളും ധൂർത്തും ഒഴിവാക്കി ലളിതമായി നടത്തുന്നതിന് ജനങ്ങളെ ബോധവത്കരിക്കും. വിദേശ രാജ്യങ്ങളിൽ പഠിക്കുകയോ ജോലി നോക്കുകയോ ചെയ്യുന്ന യുവതീയുവാക്കൾക്ക് അവർ താമസിക്കുന്ന സ്ഥലത്തെ ഇടവക വികാരിയുടെയോ ഇടവക ദൈവാലയം ഇല്ലായെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ, പഠിക്കുന്ന സ്ഥാപനത്തിലെ, മേലധികാരിയുടെയോ പക്കൽ നിന്നും പ്രസ്തുത വ്യക്തി വിവാഹം കഴിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് (Free State Certificate) നിർബന്ധമാക്കും. വിവാഹാർത്ഥികൾ മൂന്നു ദിവസത്തെ വിവാഹ ഒരുക്ക സെമിനാറിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. മനസ്സമ്മതം പ്രോത്സാഹിപ്പിക്കപ്പെടണം. വിവാഹംപോലെ വലിയ ആഘോഷമാക്കി മനസ്സമ്മതം നടത്താൻ പാടുള്ളതല്ല. വിവാഹം മൂന്നു പ്രാവശ്യം വിളിച്ചുചൊല്ലുന്ന രീതി എല്ലാ ദൈവാലയങ്ങളിലും നിർബന്ധമാക്കും. മനസ്സമ്മതത്തിനു മുമ്പും വിവാഹം വിളിച്ചു ചൊല്ലാൻ തീരുമാനിച്ചു. ഞായറാഴ്ചകളിൽ വിവാഹകൂദാശ പരികർമ്മം ചെയ്യുന്നത് കഴിയുന്നത്ര ഒഴിവാക്കാനും സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകാനും തീരുമാനിച്ചു. നോമ്പുകാലങ്ങളിൽ വിവാഹങ്ങൾക്ക് നിലവിലുള്ള നിയമം ബാധകമായിരിക്കും.

**6. മുല്ലപെരിയാർ ഡാം പ്രശ്നം:** മുല്ലപെരിയാർ ഡാം പുനർനിർമ്മിക്കുന്നതിന് വേണ്ടി കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രതിനിധികൾ കേന്ദ്രഗവൺമെന്റിനെ പലപ്രാവശ്യം സമീപിച്ചിട്ടുണ്ട്. കേരള സമൂഹം നേരിടുന്ന അടിയന്തര പ്രശ്നമായി ഇതിനെ കണ്ടുകൊണ്ട് വീണ്ടും കേന്ദ്ര മന്ത്രിമാരെയും കേന്ദ്രഗവർമെന്റിന്റെ പ്രതിനിധികളെയും കാണാനും തുടർന്നുള്ള ഭാവിപരിപാടികൾ ആസൂത്രണം ചെയ്യാനും കാഞ്ഞിരപ്പിള്ളി രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കലിനെ കെ.സി.ബി.സി. ചുമതലപ്പെടുത്തി.

**7. മദ്യവിരുദ്ധ പ്രവർത്തകരെ പോലീസ് മർദ്ദിച്ചതിൽ കെ.സി.ബി.സി. പ്രതിഷേധിച്ചു:** മലപ്പുറം കളക്ടറേറ്റ് പടിക്കൽ മദ്യനിരോധന സമിതി നടത്തിയ സമരപന്തൽ റവന്യൂ-പോലീസ് സംഘം പൊളിച്ചു മാറ്റുകയും വൈദികനടക്കമുള്ള സമരസമിതി നേതാക്കളെ കൈയേറ്റം ചെയ്യുകയും ചെയ്ത സംഭവത്തിൽ കേരള കത്തോലിക്ക മെത്രാൻ സമിതി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഗാന്ധിയൻ മാർഗത്തിൽ സമാധാനപരമായി നടത്തിയ സത്യാഗ്രഹത്തെ അടിച്ചമർത്താനുള്ള ആസൂത്രിതമായ നീക്കത്തെ സമാധാനപരമായിത്തന്നെ നേരിടണമെന്നും മെത്രാൻ സമിതി പ്രസ്താവിച്ചു. പഞ്ചായത്ത് രാജ-നഗരപാലിക ബില്ലിലെ 232, 447 വകുപ്പുകൾ അനുസരിച്ച് തദ്ദേശസ്വയംഭരണപ്രദേശത്ത് മദ്യഷാപ്പ് വേണമോ എന്നു തീരുമാനിക്കുവാനുള്ള അധികാരം തദ്ദേ

ശസ്വയംഭരണസ്ഥാപനങ്ങൾക്കാണ്. ഈ അധികാരത്തെയാണ് സംസ്ഥാനസർക്കാർ റദ്ദുചെയ്തിരിക്കുന്നത്. ജനാധികാരം പുനഃസ്ഥാപിക്കുവാൻ സമാധാനപരമായി സമരം നടത്തിയവരെയാണ് അധികാരദണ്ഡ് ഉപയോഗിച്ച് ആസൂത്രിതമായി കൈയേറ്റം ചെയ്തിരിക്കുന്നത്. ഒരു വർഷവും നാല് മാസവുമായി സമാധാനപരമായി സത്യാഗ്രഹം നടത്തിവരുന്ന സമരസമിതിയുടെ പന്തൽ യാതൊരു പ്രകോപനവും ഇല്ലാതിരുന്ന അവസ്ഥയിലാണ് പൊളിച്ചുമാറ്റിയത്. മദ്യലഭ്യത വർദ്ധിപ്പിച്ച് കേരളീയരെ മദ്യാസക്തരാക്കുവാനുള്ള നീക്കത്തിൽ നിന്നും സംസ്ഥാനസർക്കാർ പിന്തിരിയണമെന്നും മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ട് മദ്യവില്പനയിൽ നിയന്ത്രണ-നിരോധന നടപടികൾ സ്വീകരിക്കണമെന്നും മെത്രാൻ സമിതി ആവശ്യപ്പെട്ടു.

**8. കർഷകദിനം ജനുവരി 15-ന്:** കെ.സി.ബി.സി. യുടെ കീഴിലുള്ള ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ ജനുവരി 15 ന് കർഷകദിനമായി ആചരിക്കുവാൻ തീരുമാനിച്ചു. കർഷകരെ ബഹുമാനിക്കുവാനും കേരളത്തിൽ കാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുവാനും വേണ്ടിയാണ് കേരള കത്തോലിക്കാ മെത്രാൻ സമിതി എല്ലാവർഷവും ജനുവരി 15-ന് കർഷകദിനമായി ആചരിക്കുവാൻ തീരുമാനിച്ചത്.

**9. ഫാ. റോയി നെടുന്താനം, സി.എൽ.സി. ഡയറക്ടർ:** കണ്ണൂർ രൂപതാംഗവും കാസർഗോഡ്, നീലീശ്വരം സെന്റ് പീറ്റേഴ്സ് പള്ളി വികാരിയുമായ ഫാ. റോയി ജോസഫ് നെടുന്താനം സി.എൽ.സി. (Christian Life Community - CLC) സംസ്ഥാന ഡയറക്ടറായി കെ.സി.ബി.സി. നിയമിച്ചു.

**10. പ്രൊഫ. ആനി റോഡ്നി വനിതാകമ്മീഷൻ സെക്രട്ടറി:** കെ.സി.ബി.സി. വനിതാകമ്മീഷൻ സെക്രട്ടറിയായി കണ്ണൂർ രൂപതാംഗമായ ശ്രീമതി പ്രൊഫ. ആനി റോഡ്നിയെ കെ.സി.ബി.സി. നിയമിച്ചു.

## II. ക്രൈസ്തവമെത്രാന്മാരുടെ യോഗതീരുമാനങ്ങൾ

1. കേരളത്തിലെ വിദ്യാഭ്യാസരംഗത്തു നിലവാരത്തകർച്ചയ്ക്കിടയാക്കുന്ന നിലപാടുകൾ സർക്കാർ സ്വീകരിക്കുന്നതിൽ സമ്മേളനം ഉത്കണ്ഠ രേഖപ്പെടുത്തി. നിരവധി ഉറപ്പുകൾ നല്കപ്പെടുന്നുണ്ടെങ്കിലും അതൊന്നും പാലിക്കാതെ പാവപ്പെട്ടവർക്കു ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കാനുള്ള സാഹചര്യങ്ങൾ പൊതുവിൽ നിഷേധിക്കപ്പെടുന്ന അവസ്ഥാവിശേഷമാണ് ഇന്നുള്ളത്. കോളേജുകളിൽ ആയിരത്തിൽപ്പരം അധ്യാപകനിയമനം ഇതുവരെ നടന്നിട്ടില്ല. ഈ തസ്തികകൾ നികത്തിയതിനുശേഷം ആരംഭിക്കുമെന്നു പറഞ്ഞ സെമസ്റ്റർ സിസ്റ്റം എന്ന പരിഷ്കാരം രണ്ടാംഘട്ടത്തിലേക്കു കടക്കുകയും ചെയ്യുന്നു. എന്നിട്ടും ദിവസക്കൂലിക്കാരായ അദ്ധ്യാപകരെവച്ച് തുടർമൂല്യനിർണ്ണയം പോലും നടത്തുന്ന ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് സർക്കാരിനോ സർക്കാർ നിയോഗിച്ച ഉന്നത വിദ്യാഭ്യാസ സമിതിക്കോ യാതൊരു ഉത്ക്കണ്ഠയുമില്ലെന്നതു ഖേദകരമാണ്.

2. വിദ്യാഭ്യാസവകുപ്പ് ഏർപ്പെടുത്തിയ പ്രവേശനത്തിനായുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് ഉന്നതവിദ്യാഭ്യാസരംഗത്തെ ആകമാനം തകർക്കുന്നതായാണു കാണുന്നത്. ഈ സമ്പ്രദായം മൂലം സമയത്തിന് കോഴ്സുകൾ ആരംഭിക്കാനോ പരീക്ഷ നടത്താനോ കഴിയാതെ വരുന്നു. വിദ്യാർത്ഥികൾ മറ്റു സംസ്ഥാനങ്ങളിലേയ്ക്കു കുടിയേറിയതിനുശേഷം ആരംഭിക്കുന്ന കോഴ്സുകൾ വിദ്യാർത്ഥികളില്ലാതെ നിന്നു പോകുന്നുമുണ്ട്. ഈ സാഹചര്യത്തിൽ മാനേജ്മെന്റിന്റെ അവകാശങ്ങൾ പരിമിതപ്പെടുത്തുന്ന ഈ സമ്പ്രദായം പിൻവലിക്കേണ്ടതാണ്.

3. പതിനാറ് ക്രൈസ്തവകോളേജുകളിലെ പ്രിൻസിപ്പൽ നിയമനം തടഞ്ഞുവച്ച് കോളേജുകളെയും വിദ്യാർത്ഥികളെയും പീഡിപ്പിക്കുന്ന സർക്കാർ നിലപാടുകൾ പിൻവലിക്കണം. കോടതിവിധികൾ പോലും നടപ്പിലാക്കാതെ നടത്തുന്ന ഈ വിദ്യാർത്ഥി പീഡനം ഉന്നത വിദ്യാഭ്യാസരംഗത്തെ ഏറെ പിന്നോട്ടടിച്ചിട്ടുണ്ട് എന്നും സമ്മേളനം വിലയിരുത്തി.

4. ക്രൈസ്തവസഭകൾ തമ്മിലുള്ള ബന്ധങ്ങൾ ബലപ്പെടുത്തുന്നതിന് പൊതുവായ ചില പ്രവർത്തനപരിപാടികൾക്ക് സമ്മേളനം രൂപരേഖകൾ തയ്യാറാക്കി. ക്രൈസ്തവസഭകളുടെ കൂട്ടായ്മകൾക്കു സാക്ഷ്യം നല്കുന്ന പ്രവർത്തനപദ്ധതികൾ സഭാതലവന്മാർ അംഗീകരിച്ചതിനുശേഷം നടപ്പിൽ വരുത്താനും സമ്മേളനം തീരുമാനിച്ചു.